## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 5261 23/05/2017-ലെ മറുപടിയ്ക്ക്

### കാർഷികോൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത വസ്തുകൾ

**ചോദ്യം**

ശ്രീ. .വി. ടി. ബൽറാം
ശ്രീ. പി.ടി. തോമസ്

**ഉത്തരം**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി വകുപ്പിന്റെ കീഴിൽ കാർഷികോൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധതി വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന എത്ര കേന്ദ്രങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ; | എ & ബി | കൃഷി വകുപ്പിന്റെ കീഴിലുള്ള 7 കൃഷി ഫാമുകളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. വിവിധ ഇനം സ്കാഷുകൾ, ജാമുകൾ, ജെല്ലി, മഞ്ഞൾപ്പൊടി, എത്തക്കപ്പൊടി, കൂവപ്പൊടി, വിവിധ ഇനം അച്ചാറുകൾ, ചക്കചിപ്സ് , കരിക്ക് ഷേയ്ക്ക്, ശർക്കര തുടങ്ങിയ മൂല്യവർദ്ധിത ഉത്പന്നങ്ങളാണ് ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്.<br><br>വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ കാർഷികോൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന യൂണിറ്റുകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.<br><br>• എറണാകുളം ജില്ലയിൽ തിരുവാണിയൂർ സ്വാശ്രയ കർഷക സമിതിയുടേയും കാഞ്ഞൂർ സ്വാശ്രയ കർഷക സമിതിയുടേയും കീഴിൽ ചിപ്സ് യുണിറ്റ് പ്രവർത്തിച്ചു വരുന്നു. ഉല്പന്നങ്ങളുടെ ലഭ്യതയനുസരിച്ച് കായ, കപ്പ, ചക്ക എന്നിവയുടെ ചിപ്സ് ഉല്പാദിപ്പിക്കുന്നു.<br>• കോട്ടയത്ത് കാഞ്ഞിരപ്പള്ളി സമിതിയുടെ കീഴിൽ CTCRI യുടെ ടെക്നോളജി പ്രകാരം കപ്പയുടെ വിവിധ ഉല്പന്നങ്ങളായ മിക്സചർ, പക്കാവട, എന്നിവ ഉല്പാദിപ്പിച്ചുവരുന്നു.<br>• പത്തനംതിട്ട ജില്ലയിലെ ചിറ്റാർ പഞ്ചായത്തിൽ സ്കാഷ്, ജാം, അച്ചാറുകൾ എന്നിവ സീസണലായി ഉല്പാദിപ്പിച്ചുവരുന്നു.<br>• എറണാകുളം ജില്ലയിൽ കൂവപ്പടി പഞ്ചായത്തിൽ കപ്പ, പപ്പടം യൂണിറ്റ് പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ ഉത്പാദിപ്പിക്കുന്ന മൂല്യവർദ്ധിത വസ്തുക്കൾ സംബന്ധിച്ച വിശദ വിവരം നൽകാമോ; | | |

- തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ കട്ട് വെജിറ്റബിൾ പദ്ധതി നടപ്പിലാക്കുന്നുണ്ട്. (കർഷകരിൽ നിന്ന് സംഭരിക്കുന്ന നാടൻപച്ച ക്കറികൾ പാചകത്തിന് എളുപ്പമാകുംവിധം കഴുകി വൃത്തിയാക്കി അരിഞ്ഞ് പാക്കറ്റുകളിലാക്കി നല്കുന്ന പദ്ധതി)
- ആലപ്പുഴയിൽ ചക്ക സംസ്കരണ യൂണിറ്റിന്റെയും പാലക്കാട് ചിപ്സ് യുണിറ്റിന്റെയും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- കോട്ടയം ജില്ലയിൽ പാറത്തോട് ഡിഹൈഡ്രേറ്റഡ് റൈപ്പന്റ് ബനാന യൂണിറ്റിന്റെ (Dehydrated Ripened Banana Unit) കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ട്രയൽ റൺ നടത്തുകയും ചെയ്തു. ജൂൺ മാസത്തിൽ ഉല്പാദനം ആരംഭിക്കുന്നതാണ്. (നേന്ത്രപ്പഴം നെടുകെ മുറിച്ച് belanching ന് ശേഷം 65% പഞ്ചസാര ലായനിയിൽ ഇട്ട് 24 മണിക്കൂറിന് ശേഷം പുറത്തെടുത്ത് ഡ്രയറിൽ വെച്ച് ഉണക്കിയെടുക്കുന്ന ഉല്പന്നം)

കേരഫെഡിന് കീഴിൽ മൂല്യവർദ്ധിത വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന കേന്ദ്രങ്ങൾ രണ്ട് എണ്ണം ഉണ്ട്. കോഴിക്കോട് നടുവണ്ണൂരിൽ കേരജം കേശാമൃത് ഹെർബൽ ഹെയർ ഓയിൽ ഉൽപ്പാദിപ്പിക്കുന്നു. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളിയിൽ കേര ഡെസിക്കേറ്റഡ് കോക്കനട്ട് (തേങ്ങ ചിരകിയത്), കേര കോക്കനട്ട് മിൽക്ക് പൌഡർ (തേങ്ങാപ്പാൽപ്പൊടി) എന്നിവ ഉൽപ്പാദിപ്പിക്കുന്നു.

കേരഫെഡിന്റെ കീഴിൽ വിതരണ കേന്ദ്രങ്ങൾ നേരിട്ട് 11 എണ്ണം ഉണ്ട്( ഹെഡ് ഓഫീസ് 1, റീജിയണൽ ഓഫീസ് 3, പ്ലാന്റ് 2, സ്റ്റോക്ക് പോയിന്റ് 5) 120 ഓളം വിതരണക്കാർ മുഖേന കേരളത്തിലും പ്രധാന മെട്രോ സിറ്റികളിലും വിറ്റഴിക്കുന്നു.

കേരള അഗ്രോഇൻഡ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (കെയ്ക്കോ) കീഴിൽ കാർഷികോത്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 2 യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

| | | | |
|---|---|---|---|
| | | | 1. കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ്, പുനലൂരിൽ മാങ്ങ, ഓറഞ്ച്, പൈനാപ്പിൾ, മുന്തിരി എന്നീ ഫലങ്ങളിൽ നിന്നും ജ്യൂസ്, സിറപ്പ്, ജാം എന്നിവ നിർമ്മിക്കുന്നു. കൂടാതെ മാങ്ങ, നാരാങ്ങ, വെളുത്തുള്ളി ഇവയിൽ നിന്നും അച്ചാറുകളും തേനിൽ നിന്നും തേൻ അധിഷ്ഠിത ഉത്പന്ന്ങ്ങളും ഉത്പാദിപ്പിക്കുന്നു.<br><br>2. അഗ്രോ ഫ്രൂട്ട് പാർക്ക് മാളയിലുള്ള ചക്ക സംസ്ക്കരണ കേന്ദ്രത്തിൽ നിന്നും ചക്കയിൽ നിന്നുള്ള വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചു തുടങ്ങി.<br><br>മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവല - പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം കോഴിക്കോട് തിരുവമ്പാടിയിലെ തേൻ സംസ്കരണ യൂണിറ്റ്, മലപ്പുറത്ത് ചക്കയുടെ മൂല്യവർദ്ധിത ഉത്പന്ന യുണിറ്റ്, കാസർഗോഡ് ഗ്രാമലക്ഷ്മി മാർക്കറ്റിങ്ങ് ഗ്രൂപ്പിനെ കുരുമുളക് സംസ്കരണ യൂണിറ്റ് എന്നിവ കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി മൂന്നാറിൽ സ്ട്രാബെറി പ്രോസസ്സിംഗ് യൂണിറ്റും തിരുവനന്തപുരം സംഘമൈത്രിയിൽ ബനാന ചിപ്സ് നിർമ്മാണ യൂണിറ്റും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | താലൂക്കടിസ്ഥാനത്തിൽ ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | സി | മൂല്യവർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Laiju. V

സെക്ഷൻ ഓഫീസർ